# CULTURAL AND HISTORICAL ELEMENTS AS REFLECTED IN REGIONAL INDIAN NOVELS : COMPARATIVE STUDY BASED ON SLECTED FICTIONS

## (പ്രാദേശിക ഇന്ത്യൻ നോവലുകളിൽ പ്രതിഫലിക്കുന്ന സാംസ്കാരിക ചരിത്രഘടകങ്ങൾ : തിരഞ്ഞെടുത്ത കൃതികളെ ആസ്പദമാക്കിയുള്ള താരതമ്യാത്മക പഠനം)

*യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അനുവദിച്ച മൈനർ റിസർച്ച് പ്രോജക്ടിന്റെ **(UGC Letter No. MRP(H) -886/09-10/KLKE029/UGC-SWRO dtd. 30.11.2009)** സംഗ്രഹം*

**ഡോ. ഡൊമിനിക് ജെ.കാട്ടൂർ**

**തിരുവനന്തപുരം**

**നവംബർ 2015**

ഇന്ത്യയിലെ വിവിധ ഭാഷകളിൽ എഴുതപ്പെട്ട ചില പ്രാദേശിക നോവലുകളിൽ കടന്നുവരുന്ന ചരിത്രപരവും സാംസ്കാരികവുമായ പ്രത്യേകതകളെ താരതമ്യം ചെയ്യുക എന്നതാണ് ഈ പ്രബന്ധം ലക്ഷ്യംവയ്ക്കുന്നത്. അതിനായി ശിവരാമകാരന്തിന്റെ 'മറളിമണ്ണിഗെ (കന്നട - 1942), താരാശങ്കർ ബാനർജിയുടെ 'ഗണദേവത' (ബംഗാളി-1943), പന്നലാൽ പട്ടേലിന്റെ 'മാനവിനീഭവായ്' (ഗുജറാത്തി - 1949), ഫണീശ്വർനാഥ് രേണുവിന്റെ 'മൈലാ ആഞ്ചൽ' (ഹിന്ദി - 1954), വെങ്കിടേശ് മാഠ് ഗുൽക്കറിന്റെ 'ബൻഗർവാഡി (മറാഠി-1955), സുന്ദരരാമസ്വാമിയുടെ 'ഒരു പുളിമരത്തിന്റെ കഥൈ' (തമിഴ്-1966), തകഴി ശിവശങ്കരപ്പിള്ളയുടെ 'കയർ' (മലയാളം-1978) എന്നീ നോവലുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

വിവിധ കാലങ്ങളിൽ എഴുതപ്പെട്ടവയാണെങ്കിലും ഭാരതീയമായ ഒരു സാംസ്കാരിക സ്വത്വത്തെ വെളിപ്പെടുത്തുന്ന കൃതികളാണിവ. ഈ നോവലുകളുടെ താരതമ്യാത്മക പഠനത്തിലൂടെ ഭാരതത്തിന്റെ ദേശീയബോധവും ചരിത്ര പാരമ്പര്യങ്ങളും വ്യവച്ഛേദിച്ചറിയാനും അത് ഈ രാജ്യത്തിന്റെ സവിശേഷസ്വഭാവമായ നാനാത്വത്തിൽ ഏകത്വത്തെ എത്രമാത്രം ദൃഢീകരിക്കുന്നു എന്നു കണ്ടെത്താനും ഈ പഠനത്തിൽ ശ്രമിക്കുന്നു.

ഈ പ്രബന്ധത്തിന്റെ ഒന്നാമദ്ധ്യായത്തിന് 'സംസ്കാരവും ചരിത്രവും- പ്രാദേശികവും ദേശീയവും' എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. മനുഷ്യമനസ്സ് ഇന്നോളം ആർജ്ജിച്ചിട്ടുള്ള എല്ലാ അറിവുകളുടെയും സമഗ്രതയാണു സംസ്കാരം. അതിന്റെ ബാഹ്യതലത്തിലുള്ള ആവിഷ്കരണങ്ങളെ പരിഷ്കാരം എന്നുവിളിക്കുന്നു. കാലാകാലങ്ങളായി മാനവവംശം നടത്തിയ ജ്ഞാനസംബന്ധിയായ മുഴുവൻ മുന്നേറ്റങ്ങളും സംസ്കാരത്തിന്റെ ഭാഗമായി നിലകൊള്ളുന്നു. സംസ്കാരത്തെ അന്വേഷിക്കുന്നതിനും വ്യക്തമാക്കുന്നതിനും വിവിധ മാനദണ്ഡങ്ങളും ജ്ഞാനശാഖകളും മാനദണ്ഡങ്ങളാക്കാറുണ്ട്. ചരിത്രം, നരവംശശാസ്ത്രം, മനഃശാസ്ത്രം, സാമൂഹികശാസ്ത്രം, സാഹിത്യം എന്നിങ്ങനെ. എല്ലാ സംസ്കാരവും ആത്യന്തികമായി ഈ ജീവിതത്തിനാവശ്യമായ മാനസികാഭിരുചിയും പ്രചോദനവും മാതൃകയും കരുപ്പിടിപ്പിക്കുന്നതെങ്ങനെ എന്നതിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെടുന്നത്.

ഒരു ജനതയുടെ തനതായ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന വാങ്മയമാണ് ആ ജനതയുടെ ദേശീയ സാഹിത്യം. കാരണം "ഓരോ ജനതയുടെയും സംസ്കാരം അവരുടെ സാഹിത്യരചനകളിൽ പ്രതിഫലിക്കുകതന്നെ ചെയ്യും. അതാണ് താരതമ്യ സാഹിത്യത്തിന്റെ ലക്ഷ്യം. ഇന്ത്യ പോലെ വൈവിധ്യ സമ്പന്നമായ സംസ്കാരങ്ങളും ഭാഷകളും നിറഞ്ഞ ഒരു ബൃഹദ് രാഷ്ട്രത്തിൽ താരതമ്യ സാംസ്കാരിക

പഠനം ഏറ്റവും മഹത്തായ സാഹിത്യ വിശകലനരീതിയും ദേശീയോദ്ഗ്രഥനമാർഗ്ഗവും ആയി പരിണമിക്കുന്നതതിനാലാണ്. ഇങ്ങനെ സംസ്കാരവും സാഹിത്യവും തമ്മിലുള്ള ബന്ധനൈരന്തര്യത്തെ താരതമ്യപഠനത്തിലൂടെ വെളിപ്പെടുത്തുമ്പോൾ വിശാലമായ ഭൂവിഭാഗത്തിലെ പ്രാദേശികതകളുടെ വൈവിധ്യവും അവയിലെ സമാനതകളുടെ വൈപുല്യവും വെളിപ്പെടുന്നു. സാമൂഹിക യാഥാർത്ഥ്യത്തിന്റെ മറ്റൊരു മാനമാണ് വാസ്തവത്തിൽ, പ്രാദേശിക നോവൽ. കഥയേക്കാളും കഥാപാത്രങ്ങളേക്കാളും അധികം പ്രാധാന്യം കൊടുക്കുന്നത് പരിസ്ഥിതിക്കാണെന്നു മാത്രം. ഇത്തരം നോവലെഴുതുന്ന എഴുത്തുകാർ കഥയെയും നായകനെയും നിഷേധിക്കുന്ന ഒരു നിലപാടാണ് കൈക്കൊണ്ടിരിക്കുന്നത്. നോവലിന്റെ പശ്ചാത്തലമായി പ്രത്യേക പ്രദേശവും അവിടുത്തെ ജിവിതവും സൂക്ഷ്മമായി വിശദാംശങ്ങളോടുകൂടി വരച്ചുകാട്ടി അവയെ കഥാപാത്രങ്ങളെപ്പോലെയും സംഭവങ്ങളെപ്പോലെയും സജീവമാക്കിത്തീർക്കുന്നു. പലപ്പോഴും പ്രാദേശികഭാഷാഭേദങ്ങൾ അതേപടി അവതരിപ്പിക്കപ്പെടുന്നുമുണ്ട്. ഇത്തരം നോവലുകളിലെ മുഖ്യകഥാപാത്രം ആ പ്രത്യേക പ്രദേശം തന്നെയാണെന്നു വെറുതെ പറയുന്നതല്ല. ആധുനിക നോവലിൽ പഴയപാരമ്പര്യനായകന് ആദ്യവസാന വേഷമില്ലെന്നു പ്രകടമാക്കാനും പാരമ്പര്യനായകനു നോവലിലുള്ള സ്ഥാനം ഒന്നു താഴ്ത്തിക്കെട്ടാനും സാധാരണക്കാരനു പ്രാധാന്യം കൊടുക്കാനുമുള്ള ശ്രമമാണ് ഇതെന്നും പറയപ്പെടുന്നു. ഇപ്രകാരം കാലാവസ്ഥയുടെയും സംസ്കാരത്തിന്റെയും സജീവചിത്രങ്ങളും ബിംബങ്ങളും പ്രതിനിധാനങ്ങളും ദേശകഥകളെ ഒരു സാംസ്കാരികപാഠമാക്കി മാറ്റുന്നു.

## മറളിമണ്ണിഗെ

തികച്ചും വ്യക്തമായ ജീവിതവീക്ഷണം നിലനിർത്തിക്കൊണ്ട് മൂന്നു തലമുറയുടെ കഥയെ വിശാലമായൊരു ക്യാൻവാസിൽ അവതരിപ്പിക്കുകയാണ് 'മറളിമണ്ണിഗെ' എന്ന നോവലിൽ ശിവരാമകാരന്ത്. കോടി, മണ്ണർ എന്നീ ദേശങ്ങളാണ് പ്രധാന പശ്ചാത്തലമാകുന്നതെങ്കിലും നഗരജീവിതത്തിലെ വ്യത്യസ്ത ധാരകളും നോവലിന്റെ ഇതിവൃത്തഗതിയെ മുമ്പോട്ടു നയിക്കുന്നു. കാറ്റിന്റെയും മഴയുടെയും ഉഗ്രപതനമുള്ള അറേബ്യൻ സമുദ്രത്തിന്റെയും പശ്ചിമഘട്ടത്തിന്റെയും ഇടയിൽ, കഴിഞ്ഞുകൂടിയ മൂന്നു തലമുറകളിലെ പുരുഷൻമാരുടെയും സ്ത്രീകളുടെയും കഥ; കടലൂരിലെ മണൽപ്പരപ്പ്, അഴിമുഖം, ഏറ്റം ഇറക്കവും കൊടുക്കാൻ മടിയുമുള്ള പ്രകൃതിയിൽ നിന്നും ദിനവൃത്തിക്കുള്ളതു പിടിച്ചുപറ്റാൻ കഠിനാധ്വാനം ചെയ്യുന്ന മനുഷ്യർ - വീണ്ടും വീണ്ടും നമ്മുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെടുകയും പ്രകൃതിതന്നെ ചൈതന്യം തുടിക്കുന്ന ഒരു വ്യക്തിയായി നമ്മോടു സംവദിക്കുകയും ചെയ്യുന്നു. കശുമാവിൻ വൃക്ഷങ്ങളും കേരവൃക്ഷങ്ങളും നിറഞ്ഞ ഭൂപ്രകൃതി. അവിടെ നിരങ്ങി

യെത്തുന്ന കാറ്റ്. അതിൽ ഉണരുന്ന ഗ്രാമീണ ജീവിതത്തിന്റെ സ്വരൂപം. ക്ലേശങ്ങൾ, ആകുലതകൾ. അവർ ജീവിതത്തെ ആഴത്തിൽ അറിയുന്നതിന്റെ മങ്ങാത്ത ചിത്രങ്ങൾ. ഭൂപ്രദേശവും മനുഷ്യസമൂഹവും തമ്മിൽ അഗാധമായി ബന്ധപ്പെടുന്നതിന്റെ ചിത്രമാണ് മറളിമണ്ണിഗെ.

ശൈലീമാഹാത്മ്യമോ സാങ്കേതിക രീതിയോ ജീവിത ദർശനം പോലുമോ അല്ല ആ കൃതിയുടെ വശ്യതയ്ക്കു നിദാനം. ജീവിതം എങ്ങനെയാണു നയിക്കേണ്ടത് എന്നതിനെക്കുറിച്ച് നോവലിസ്റ്റിനു വ്യക്തമായ അഭിപ്രായമുണ്ട്. പക്ഷേ, അത് അദ്ദേഹം ഭദ്രമായി കൈയടക്കിവച്ചിരിക്കുകയാണ്. നാഗവേണിയും ഇളയ രാമഐത്താളരും മൂന്നാം തലമുറയിൽ പ്രദർശിപ്പിക്കുന്ന കലാസ്നേഹത്തിലൂടെ അതു പ്രകടമാകുന്നുണ്ട്. മുതലാളികൾക്കായി തണൽ സജ്ജീകരിക്കുന്ന നാഗരൂപത്തിൽ നിന്നും ആദരപാത്രങ്ങളായ സിനിമാതാരങ്ങളെ രക്ഷിക്കുവാൻ താല്പര്യം പ്രദർശിപ്പിക്കുന്ന ബോംബെയിലെ ഉദ്യോഗാർത്ഥികളുടെ 'കമ്യൂണിസ'ത്തിന്റെ നേരെ കല്ലെറിയാൻ അദ്ദേഹം മടിക്കുന്നില്ല. എന്നാൽ ശിവരാമകാരന്ത് എന്ന നോവലിസ്റ്റ് അതിന്റെ പൂർണ്ണാർത്ഥത്തിൽ വ്യക്തമാക്കുന്നത് ചിത്രീകരണത്തിലാണ്. രാമൻ ഐത്താളർ, പാറോതി, സരസോതി, നാഗവേണി എന്നീ മൂന്നു സ്ത്രീകളുടെ ചിത്രം വരച്ചുകാട്ടുമ്പോൾ ആ കഴിവ് അതിന്റെ ഉന്നതിയിൽ തെളിയുന്നു.

കഥാപാത്രങ്ങളുടെ വൈവിധ്യം നമ്മെ ഏറെ ആകർഷിക്കും. ചിലരുടേതു ലഘുചിത്രങ്ങളാണ്. ശീനമയ്യയെപ്പോലെ മറ്റു ചിലർ പൂർണ്ണതയിലേയ്ക്കു വരുന്നുണ്ട്. പക്ഷേ, ആ മൂന്നു സ്ത്രീകളുടെ ചിത്രീകരണത്തിലെ ഓരോ രേഖയിലും ശക്തി, സഹിഷ്ണത, കൃപ എന്നീ ഗുണങ്ങൾ തെളിഞ്ഞു കാണുന്നു. കേവലം ആദർശത്തിൽ പടർത്തി ജീവിതം പ്രദർശിപ്പിക്കാൻ കാരന്ത് ഇഷ്ടപ്പെടുന്നില്ല. കാരണം അദ്ദേഹത്തിന്റെ ജീവിതദർശനം അത്രയ്ക്കു വ്യക്തമാണ്. മൂത്ത ഐത്താളർ ഒരു മർക്കടമുഷ്ടിയാണ്, വങ്കനാണ്. അയാളുടെ രണ്ടാമത്തെ ഭാര്യ സ്വാർത്ഥമതിയും അസൂയാകലുഷയുമാണ്. എന്നാൽ ലച്ചൻ എന്ന കഥാപാത്രത്തിനു കരുണ ലഭിക്കുന്നില്ല.

ഈ കൃതിയുടെ സവിശേഷത, മനുഷ്യഹൃദയത്തിന്റെ ആഴത്തിലേയ്ക്കു വെളിച്ചമടിക്കുന്നു എന്നതും നിർമ്മമത പാലിക്കുന്നു എന്നതുമാണ്. 1940 കളിൽത്തന്നെ ശിവരാമകാരന്തിന് ഇങ്ങനെ ഒരു കൃതി രചിക്കാനുള്ള വൈദദ്ധ്യം രൂപപ്പെട്ടു എന്നത് അത്ഭുതകരമാണ്.

## ഗണദേവത

സ്വാതന്ത്ര്യപൂർവ്വഭാരതത്തിന്റെ ഉയർത്തെഴുന്നേൽപ്പാണ് താരാശങ്കർബാനർജിയുടെ ഗണദേവതയിൽ ആവിഷ്കൃതമാകുന്നത്. ഭാരതം ജീവിക്കുന്നത് ഗ്രാമ

ങ്ങളിലാണെന്ന് ഗാന്ധിജി പ്രസ്ഥാവിച്ചു.  മയൂരാക്ഷി നദിക്കരയിലെ ശിവകാളീപുരം ഗ്രാമത്തിന്റെ അനുഭവങ്ങളിലൂടെ ഇന്ത്യൻ ജീവിതത്തിന്റെ ബൃഹത്തായൊരു ചിത്രം നോവലിസ്റ്റ് വരച്ചുകാട്ടുന്നു.  ഗണദേവത തലമുറകളുടെ കഥയാണ്.  അനേകം കഥാ പാത്രങ്ങളും ഉപകഥകളും കൊണ്ട് പ്രധാന പ്രമേയത്തെ വികസിപ്പിച്ചെടുക്കുന്ന രച നാതന്ത്രം അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്.  ജനതയുടെ രാഷ്ട്രീയവും സാംസ്കാരികവും സാമൂഹികവുമായ പ്രശ്നങ്ങളിലൂടെ ഉത്തരം കണ്ടെത്താനുള്ള ശ്രമം നോവലിലുട നീളമുണ്ട്.

കൊളോണിയൽ ആധുനികതയുടെയും നവോത്ഥാന ആധുനികതയു ടെയും കമ്യൂണിസത്തിന്റെയും ഗാന്ധിസത്തിന്റെയും നിരന്തരമായ ഇടപെടലിലൂടെ ഗ്രാമം ആധുനികതയിലേയ്ക്ക് നടന്നുകയറുന്ന കാഴ്ച നോവലിലുണ്ട്.  ഇന്ന് ബംഗാൾ ചിന്തിക്കുന്നത് നാളെ ഭാരതം ചിന്തിക്കുന്നുവെന്നു പറയാറുണ്ട്.  അതിന്റെ തനിയാവർത്ത നങ്ങളും സ്വാധീനങ്ങളും വാചാലമായ ഗ്രാമാനുഭവദൃശ്യങ്ങളിലൂടെ നോവലിൽ പകർന്നു വച്ചിട്ടുണ്ട്.

ബംഗാളിന്റെ സാംസ്കാരിക പൈതൃകത്തെ പ്രതീകവല്കരിക്കുന്ന അനേകം ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും സമൃദ്ധമായ വിവരണം നോവലിലുണ്ട്. അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, ജാതി ഭേദ വിചാരങ്ങൾ, മതാതിഷ്ഠിത വിവേചനങ്ങൾ ഇവയെല്ലാം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. കുപ്രസിദ്ധമായ ബംഗാൾ ക്ഷാമം, രണ്ടാലോകയുദ്ധം ഇവ സൃഷ്ടിക്കുന്ന സാമൂഹി കവും രാഷ്ട്രീയവും നൈതികവുമായ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ഗ്രാമജീ വിതത്തിന്റെ അകവുംപുറവും നോവലിൽ വിവരിക്കുന്നുണ്ട്.  ഡോ. ജഗന്നാഥഘോ ഷ്, ഛീരു എന്ന ശ്രീഹരി, ഹരിജൻകോളനിയിലെ പാതു,  അയാളുടെ സഹോദരി ദുർഗ്ഗാ, ജഗൻ ഡോക്ടർ, കോൺഗ്രസ് കമ്മറ്റി സെക്രട്ടറി ഹരേൻ, ദേവനാഥഘോഷ്, വിപ്ലവകാരിയായ യതീൻബാബു, ബ്രാഹ്മണാചാര്യനായ ന്യായരത്നൻ, അയാളുടെ മകൻ ശശിശേഖർ, ന്യായരത്നന്റെ പൗത്രൻ വിശ്വനാഥൻ, കവർച്ച തൊഴിലാക്കിയിരുന്ന തിൻകഡി, അയാളുടെ മകൻ ഗോര, മകൾ സ്വർണ്ണം, കൊല്ലപ്പണിക്കാരനായ അനിരുദ്ധൻ, അയാ ളുടെ ഭാര്യ പത്മ ഇങ്ങനെ അനേകം കഥാപാത്രങ്ങളും ഈ നോവലിൽ പ്രത്യക്ഷ പ്പെടുന്നുണ്ട്.

വെള്ളക്കാരുടെ ഇടപെടലുകളും അതിനെതിരെയുള്ള നാട്ടുകാരുടെ പ്രതിഷേ ധങ്ങളും അതിൽനിന്നും ഉരുത്തിരിയുന്ന ദേശീയസമരത്തിന്റെ ആവേശങ്ങളും ആവി ഷ്കരിക്കാൻ നോവലിസ്റ്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.  ബ്രഹ്മസമാജം, സ്വദേശിപ്ര സ്ഥാനം, 1930-ലെ ദേശീയസമരം ഇവയെല്ലാം നോവലിന് ഐതിഹാസിക സമാന മായ പരിവേഷം നൽകുന്നു. ചുരുക്കത്തിൽ ഗ്രാമീണജീവിതത്തിന്റെ പരിവർത്തനവും,

ഗ്രാമീണസംസ്കൃതിയുടെ നിരാസവും, യാന്ത്രികജീവിതത്തിന്റെ അതിപ്രസാരവും, നഗരവത്കരണവും കലുഷമാക്കിയ ഒരു ഗ്രാമത്തിന്റെ വ്യഥകളുടെയും പ്രത്യാശ യുടെയും ആവിഷ്കാരമാണ് ഗണദേവത. അത് ഇന്ത്യൻ പൊതുജീവിതത്തിന്റെ സംസ്ഥാപനത്തിന് പ്രചോതനാത്മകമായ രീതിയിൽ ആവിഷ്കരിക്കപ്പെടുന്നു.

## മാനവിനിഭവായ്

പന്നലാൽ പട്ടേലിന്റെ 'മാനവിനിഭവായ്' (ജീവിതയാഥാർത്ഥ്യങ്ങൾ) ഗ്രാമീണ ജീവിതത്തിന്റെ പച്ചയായ ആവിഷ്കരണം നിർവ്വഹിക്കുന്നു. കാലു എന്ന വ്യക്തി യുടെ മാത്രം കഥയല്ല ഇത്. ഗുജറാത്തിലെ ഗ്രാമങ്ങളിൽ ദശാബ്ദങ്ങൾക്കുമുമ്പ് ഉണ്ടാ യിരുന്ന – പുതിയതും പഴയതുമായ കാലങ്ങൾ കൂട്ടിമുട്ടുന്ന വഴിത്തിരിവിലെ – ഗ്രാമ ങ്ങളുടെ കഥയാണ്. കാലു ഒരു നിമിത്തമാണ്. ഈ കൃതിയിൽ ഉടനീളം പ്രത്യക്ഷപ്പെ ടുന്ന കഥാപാത്രം നിരന്തര സഞ്ചാരിയായ കാലമാണ്. ബാക്കിയെല്ലാം അതിന്റെ സൂചനയിൽ ആകർഷിക്കപ്പെടുന്നു. സമുദായത്തെ മുഴുവൻ മുഖവുരയുടെ രൂപ ത്തിലെടുത്ത് അതിൽ കാലൂനെമാത്രം പാത്രമാക്കി അവതരിപ്പിക്കുന്നു പന്നലാൽ.

യാന്ത്രികയുഗത്തിന്റെ കടന്നുവരവോടെ മാനവസുഖദുഃഖങ്ങളുടെ മൂലം പരി വർത്തനപ്പെട്ടു. പരിവർത്തിതമായ സാമുദായിക ശക്തികളുടെ സ്വീകൃതി, ഘടനക ളുടെ ഒത്തുചേരൽ എന്നിവ സ്പഷ്ടമായ സൂചനകളിലൂടെ വ്യക്തമാക്കാനുള്ള ഉദ്യമം 'മാനവിനിഭവായ്'യിൽ കാണുന്നു. ഈ നോവലിന്റെ ആരംഭത്തിലുള്ള ആറദ്ധ്യായങ്ങ ളിൽ പ്രത്യക്ഷമാകുന്ന വാലാപട്ടേലിന്റെ, രേഖാചിത്രം കഥയുടെ ചട്ടക്കൂട് നിശ്ചയി ക്കുന്നു. കിഴവൻ വാലായും കിഴവി വാലിയും ഗ്രാമജീവിതത്തിലെ കഥാപാത്രങ്ങ ളാണ്. ചെകുത്താൻ, ഫൂലി, കാസം, വേചാത് എന്നീ കഥാപാത്രങ്ങളും ഗ്രാമസ്വ ത്വത്തെ ഉൾക്കൊള്ളുന്നവർ തന്നെ.

## മൈലാ ആഞ്ചൽ

വായനക്കാരുടെ മനസ്സിനെ ആഴത്തിൽ സ്പർശിക്കുന്ന വികാരാവിഷ്കരണം കൊണ്ടു സമ്പന്നമാണ് 'മൈലാ ആഞ്ചൽ'. ചിന്തയുടെ ലോകത്തു നിന്നുകൊണ്ടാണ് അദ്ദേഹം ആഖ്യാനം നിർവ്വഹിക്കുന്നത്. ലളിതവും ഋജുവുമായ ഭാഷ, സ്വച്ഛസുന്ദ രവും സാന്ദ്രശീതളവുമായ പ്രതിപാദനം എന്നീ ഗുണങ്ങൾ നിലനിർത്തി ഒതുക്കി കഥ പറയാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. ഒട്ടേറെ സംഭവങ്ങൾ മൈലാ ആഞ്ച ലിൽ കോർത്തിണക്കിയിരിക്കുന്നു. ഈ സംഭവാഖ്യാനം നിർവ്വഹിക്കുന്നതിനിടയ്ക്ക് നോവലിസ്റ്റ് ഇടയ്ക്കുകയറി അധികമൊന്നും പറയുന്നില്ല. ഉണ്ടെങ്കിൽത്തന്നെ അതേ തെങ്കിലും ഗ്രാമീണന്റെ അഭിപ്രായമോ വിചാരമോ ആയിരിക്കും.

സ്വാതന്ത്ര്യപ്രാപ്തിയോടെ ഇന്ത്യയിലെ ജീവിതാന്തരീക്ഷം ആകെ മാറി. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം പതുക്കെപ്പതുക്കെ രൂപം പ്രാപിച്ചുകൊണ്ടിരുന്ന നവലോകത്തിൽ ഉത്തരവാദിത്വത്തിലേയ്ക്ക് ഭാരതീയജനത ഉണർന്നുവന്നു. ഈ ഉത്തരവാദിത്വബോധം ഇന്ത്യൻ കലാകാരന് പുതിയ വീക്ഷണം സമ്മാനിച്ചു. സാഹിത്യത്തിൽ ഒരു പുതിയ കാലഘട്ടം ആരംഭിച്ചു. കഥാ സാഹിത്യത്തിലും ചില നൂതന പരീക്ഷണങ്ങൾ കണ്ടുതുടങ്ങി. കഥാകൃത്തുക്കളുടെ ഒരു പുത്തൻ തലമുറ ആവിർഭവിച്ചു. ആ ഉത്തരവാദിത്വം ശിരസാവഹിച്ച കാഥികനാണ് താനെന്ന് 'മൈലാ ആഞ്ചൽ' എന്ന നോവലിൽ ഫണീശ്വർനാഥ് രേണു അടിവരയിട്ടു പ്രഖ്യാപിക്കുന്നു.

അനുഭൂതികളുടെ കാര്യത്തിലായാലും കലാപ്രക്രിയയെ സംബന്ധിച്ചായാലും പരിവർത്തനാത്മകവും വികാസസമാനവുമായ ഒരു വീക്ഷണമാണ് രേണു കൈക്കൊണ്ടിട്ടുള്ളത്. തന്റെ സഹാനുഭൂതിപ്രസരം ഒരു പ്രത്യേക വർഗ്ഗത്തിലോ ജാതിയിലോ സാമ്പത്തിക നിലയിലോ അദ്ദേഹം ഒതുക്കി നിർത്തുന്നില്ല. നമ്മുടെ ഗ്രാമങ്ങളിലും ഗ്രാമീണജനതയുടെ ജീവിതത്തിലും അദ്ദേഹം അധികമധികം താല്പര്യത്തോടെ ശ്രദ്ധിക്കുന്നു. ഗാന്ധിയെയും നെഹ്റുവിനെയും ടാഗോറിനെയും മറ്റും നൂതനമായ ഒരു മാർഗ്ഗത്തിന്റെ പ്രതിനിധിയായി അദ്ദേഹം കാണുന്നു. ഹിന്ദിസാഹിത്യത്തിലെ നവീകരണ പ്രവണതകളെ ഉൾക്കൊള്ളുന്ന നോവലായി 'മൈലാ ആഞ്ചൽ' ജനപ്രീതി നേടിയത് അതുകൊണ്ടാണ്.

1954-ൽ പ്രസിദ്ധീകരിച്ച മൈലാ ആഞ്ചലിൽ സ്വാതന്ത്ര്യത്തിനു ശേഷമുള്ള വസ്തുതകളാണ് ചിത്രീകരിച്ചിരിക്കുന്നത്. ഈ കൃതിയിൽ അവതരിപ്പിച്ചിട്ടുള്ള കർഷകരിൽ മാത്രമല്ല, താഴ്ന്ന വർഗ്ഗക്കാരിലും നീചജാതിക്കാർ എന്നു വിളിക്കപ്പെടുന്നവരിലും ആദിവാസികളിലും ഉയരാൻ വേണ്ടിയുള്ള ചലനങ്ങൽ ദൃശ്യമായിരുന്നു. എന്നാൽ പഴയ ജാതിമത വർഗ്ഗവ്യവസ്ഥയുടെ ചങ്ങല അതിശക്തമായിരുന്നു. അതു പൊട്ടിച്ചെറിഞ്ഞ് തലയുയർത്തി നിൽക്കാൻ ശ്രമിച്ച ഓരോ അവസരത്തിലും ചൂഷകവർഗ്ഗത്തിന്റെയും സവർണ്ണമേധാവിത്വത്തിന്റെയും മുമ്പിൽ അവർക്ക് പരാജയപ്പെടേണ്ടിവന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഒരു പ്രക്രിയയായിരുന്നു ഇത്. ജനാധിപത്യ അധികാരങ്ങൾ, സോഷ്യലിസത്തെപ്പറ്റിയുള്ള പ്രഖ്യാപനം, വികസന പദ്ധതികൾ, വ്യവസായവൽക്കരണം എല്ലാം ഉണ്ടായിരുന്നിട്ടും പ്രതിബന്ധങ്ങൾ പണ്ടത്തെക്കാൾ ശക്തിമത്തായി തീർന്നുകൊണ്ടിരുന്നു. അതിന്റെ ഫലമോ സ്വാതന്ത്ര്യത്തിനുശേഷം ദരിദ്രർ കൂടുതൽ ദരിദ്രരായി. ഇത് സാധാരണക്കാരുടെ ജീവിതത്തിൽ എത്രമാത്രം യാതനകളും വേദനകളും ക്ഷോഭവും ജനിപ്പിച്ചു എന്ന് 'മൈലാ ആഞ്ചൽ' കാട്ടിത്തരുന്നു. ഈ നോവലിലെ അപ്രധാന കഥാപാത്രങ്ങൾപോലും സ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിക്കുന്നവരാണ്. ജീവിതത്തിന്റെ സൂക്ഷ്മചിത്രങ്ങളാണ് മേരിഗഞ്ച്

എന്ന ഗ്രാമത്തിൽ രേണു കാട്ടിത്തരുന്നത്. ഈ നോവലിൽ ഭാരതീയ ജീവിത കഥ അസാധാരണ വാക്യശില്പങ്ങൾ കൊണ്ട് നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നു.

## ബെൻഗർവാടി

സരളമായ ശൈലിയിൽ ഒരു മറാഠി ഗ്രാമത്തിന്റെ ചിത്രം വരയ്ക്കുന്ന നോവലാണ് ബെൻഗർവാടി. ഗ്രാമീണജീവിതത്തിലെ ചുഴികളും മലരികളും ഈ നോവലിന്റെ ഇതിവൃത്തത്തിൽ കടന്നുവരുന്നു. ബ്രാഹ്മണകുലത്തിൽപ്പിറന്ന ഒരു യാവാവാണ് ഇതിലെ കഥാനായകൻ. ജീവസന്ധാരണത്തിനു സ്കൂൾ മാസ്റ്ററായ ഒരാൾ. അയാൾ ഇടയൻമാരുടെ ഗ്രാമമായ ബൻഗർവാടിയിൽ വന്നു കുറെ നാൾ താമസിക്കുന്നു. ഒരു അർദ്ധവികസിത രാജ്യത്തിലെ പള്ളിക്കൂടങ്ങളുടെ പോലും ഒരുക്കങ്ങളില്ലാത്ത, പരിഷ്കാരമില്ലാത്ത ഒരു സ്കൂളായിരുന്നു അത്. പള്ളിക്കൂടത്തിൽ കുട്ടികളെ വിടുന്നതിനെക്കാൾ ആടുമേയ്ക്കാനയയ്ക്കുന്നതിലാണ് അവർ താല്പര്യം കാട്ടിയിരുന്നത്. ഒരു ഗ്രാമത്തിൽ ജീവിച്ച് ദൈനംദിന പ്രവർത്തനങ്ങളിൽ പങ്കാളിയായി ഗ്രാമത്തിന്റെ വളർച്ചയ്ക്ക് പ്രയത്നിക്കുന്നു ആ അധ്യാപകൻ. അവസാനം ആ ഗ്രാമത്തിന്റെ സമ്പൂർണ്ണമായ വിനാശത്തിനും അയാൾ സാക്ഷിയാകുന്നു. ഗ്രാമീണ ജീവിതം ശരിക്കു മനസ്സിലാക്കി അനുവാചകരിൽ സഹാനുഭൂതിയുണർത്താൻ നോവലിസ്റ്റിനു കഴിഞ്ഞിരിക്കുന്നു. ഗ്രാമീണ ജീവിതത്തിൽ സ്വന്തം പ്രതിഭയെ ആഴത്തിൽ ഉൾച്ചേർത്ത് അവതരിപ്പിക്കുന്നതിനാൽ ബൻഗർവാടി ദേശകഥാപതിപാദകങ്ങളായ ഭാരതീയ നോവലുകളിൽ പ്രധാനമായ ഒരു സ്ഥാനത്ത് അവരോധിതമാകുന്നു.

ഒരു നോവലിനെപ്പറ്റിയുള്ള യാഥാസ്ഥിതിക സങ്കല്പത്തിൽ ഒതുങ്ങുന്നതല്ല ബൻഗർവാടി. നാഗരിക ജീവിതം കൊണ്ട് പരിവർത്തനം സംഭവിക്കുന്നവരല്ല ഇതിലെ കഥാപാത്രങ്ങൾ. അവരുടെ സംഭാഷണവും സ്വഭാവവും വ്യക്തിത്വവും തികച്ചും ഗ്രാമീണമാണ്. ആണായാലും പെണ്ണായാലും നല്ലവരോ ചീത്തയോ ആയാലും അവർ ഗ്രാമീണരായി ജീവിക്കുന്നു. എന്തൊക്കെ പ്രാതികൂല്യങ്ങളുണ്ടായാലും തഴമ്പിച്ച ജീവിതക്രമങ്ങളിൽ നിന്നും അവർ വഴുതിമാറുന്നില്ല. അവരുടെ ഹതവിധി, കാര്യകാരണ ബന്ധത്തിൽ ഒതുങ്ങുന്നതല്ല. പ്രത്യുത സാർവ്വകാലികമാണ്, സാർവ്വലൗകികമാണ്.

ഗ്രാമീണമായ സംഭാഷണശൈലി, നാട്ടിൻപുറത്തുകാർക്കു ജന്മസിദ്ധമായ മണ്ണിന്റെ മണം കലർന്നതാണ്. അവശ്യം വേണ്ടിടത്ത് കഥാപാത്രങ്ങളുടെ മികവിന് ആവശ്യമുള്ളിടത്ത് മാത്രമേ സംഭാഷണം ഉപയോഗിച്ചിട്ടുള്ളൂ. മാറിമാറിവരുന്ന പ്രകൃതിരൂപങ്ങളോടിണങ്ങിച്ചേരുന്നതാണല്ലോ മാനവ ജീവിതം. മനുഷ്യജീവിതത്തിലെ എല്ലാ നന്മതിന്മകളോടുമൊപ്പം ഗ്രാമീണ ജീവിതത്തിന്റെ നിഷ്കളങ്കതയും ഈർഷ്യാകാ

ലുഷ്യങ്ങളും കരുണയുമെല്ലാം ഉൾക്കൊള്ളുന്ന ഒരു പ്രവാഹമാണിത്. പ്രകൃതിയുടെ അദൃശ്യമായ ക്രൂരനിയമങ്ങളും അവയിൽപ്പെട്ടുഴലുന്ന മനുഷ്യരും ഉൾപ്പെടുന്ന നാടകീയമുഹൂർത്തങ്ങൾകൊണ്ടു സമ്പന്നമായ നോവലാണിത്. വളർന്നുകൊണ്ടിരിക്കുന്ന ബംഗാളി നോവലിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്ന ബൻഗർവാടി ദേശകഥാപ്രതിപാദകമായ ഭാരതീയ നോവലുകളിൽ പ്രധാനസ്ഥാനം വഹിക്കുന്നു.

## പുളിമരത്തിന്റെ കഥ

നാല്കവലയുടെ ഭാഗമായി നിന്ന് മനുഷ്യചെയ്തികളുടെ ഫലത്താൽ പെട്ടെന്നു നശിക്കേണ്ടിവന്ന പുളിമരം ശൂന്യതയുടെ ഒരു തുരുത്ത് അവശേഷിപ്പിച്ചിരിക്കുന്നു. പ്രകൃതിയിൽ എന്തും അതിന്റേതായൊരു സവിശേഷ ഇടം തീർക്കുന്നുവെന്നും വസ്തുവിന്റെ നാശം അവശേഷിപ്പിക്കുന്ന ശൂന്യതകൊണ്ടുപോലും അതിന്റെ സാന്നിദ്ധ്യം അവശേഷിപ്പിക്കുന്നുവെന്നുമുള്ള ദാർശനികമായ ഉൾകാഴ്ചയെ ലളിതമായി അവതരിപ്പിച്ചിട്ടാണ് മനുഷ്യകേന്ദ്രിത മൂല്യബോധത്തിന്റെ നയപ്രഖ്യാപനം മനുഷ്യരിലെ പുളിമരമായ ദാമോദരനാശാനിലൂടെ നടത്തിക്കുന്നതും ആശാനെ അവതരിപ്പിക്കുന്നതും. ആശാന്റെ ഭൗതിക സാന്നിദ്ധ്യമില്ലെങ്കിലും ആശാനെ അറിയുന്നവരുടെ മനസ്സിലെ കഥനപീഠത്തിൽ അദ്ദേഹം ആവർത്തിക്കപ്പെടുന്നു. കഥയുടെ കലവറയാണ് ആശാൻ. ഈ കഥകളിലൂടെ ഒരു പ്രദേശത്തിന്റെ ചരിത്രവും ജനജീവിതത്തിന്റെ വൈവിധ്യങ്ങളും കേൾവിക്കാരിലേയ്ക്കു പകരുന്നു. ബാഹ്യവും ആന്തരികവുമായി ചലനാത്മക്മായ ഒരു ചരിത്രഘട്ടമാണ് നോവലിന്റെ പശ്ചാത്തലം. രാജഭരണത്തിൽ നിന്നും ജനാധിപത്യത്തിലേയ്ക്ക്, ജാതികേന്ദ്രിത സാമൂഹ്യ വ്യവസ്ഥിതിയിൽ നിന്നും ആധുനികമായ സമൂഹത്തിലേയ്ക്ക്. ഇപ്രകാരം പ്രത്യക്ഷവും പരോക്ഷവുമായി അധികാരവും മൂല്യാവബോധവും ശിഥിലീകൃതമായി നവീകരിക്കപ്പെടുന്ന ഒരു സംക്രമണ ഘട്ടം തികഞ്ഞ ഹാസ്യാത്മകതയോടെ ഒരു വൃക്ഷത്തിന്റെ നിർമ്മമതയോടെ ആഖ്യാനം ചെയ്യപ്പെടുന്നു. പുളിഞ്ചിറയിൽ നിന്നും പുളിമൂടുകവലയിലേയ്ക്കും പിന്നീട് പുളിമരമില്ലാത്ത പുളിമൂടുകവലയിലേയ്ക്കുമുള്ള മാറ്റമാണത്. പുളിഞ്ചിറക്കാലത്ത് ചിറയുടെ നടുക്കു ദ്വീപുപോലെ നിന്ന മൺതിട്ടയിൽ പുളിമരം നിന്നു. ചിറയ്ക്കു സമീപം കാറ്റാടിക്കാട്. ചിറയിൽ പ്രഭാത കർമ്മം നടത്താൻ ആൾക്കാരെത്തിയിരുന്നു. വിശ്രമിക്കേണ്ടവർ കാറ്റാടിക്കാട്ടിൽ അതിന് ഇടം കണ്ടെത്തി. കന്നാലിച്ചെറുക്കന്മാർ അവിടെ കളിച്ചു രസിച്ചു. നാട്ടുവൈദ്യന്മാർ മരുന്നു ശേഖരിച്ചു. എന്നാൽ പെൺകുട്ടികൾക്ക് പുളിഞ്ചിറയും കാറ്റാടിക്കാടും മൈതാനവും വിലക്കപ്പെട്ട ഇടങ്ങളായിരുന്നു. വിലക്ക് വിശ്വാസത്താൽ രൂപപ്പെട്ടതാണ്. കാളിയപ്പന്റെ മകൾ ചെല്ലത്തായിയുടെ ദുരനുഭവമാണ് ഈ വിശ്വാസത്തിനിടയാക്കിയത്. പുളിമരത്തിന്റെ അതിജീവന കഥ.യിലൂടെ ഭാഷയെയും സംസ്കാരത്തെയും മതത്തെയു

മെല്ലാം വിലയിരുത്തുന്നുണ്ട് ഗ്രന്ഥകാരൻ. സന്ദിഗ്ദ്ധതയിൽ, പരീക്ഷണഘട്ടത്തിൽ സ്വയം കുറെ ഉപേക്ഷിച്ചു മറ്റൊന്നിൽ നിന്നു കുറെ നേടി, നേടിയതു നശിച്ചുപോകാതെ നിലനിർത്തുന്ന കാര്യം മതങ്ങളുടെ രീതിയായും സംസ്കാരങ്ങളുടെ രീതിയായും ഭാഷയുടെ രീതിയായും തീർന്നിരിക്കുന്നു അല്ലേ? അതാണു പ്രകൃതി നിയമം (പുറം 32) എന്നു സൂചിപ്പിക്കുന്നു. സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകളുടെ മിഴിവാർന്നൊരു വിശകലനമാണിത്. ഒരു സാംസ്കാരിക വ്യവഹാരവും പൂർണ്ണയായി അസ്തമിക്കുന്നില്ല. അധികാരഘടനയുടെ അന്തരം പുത്തൻ ഭ്രമങ്ങളെ രൂപീകരിക്കുമ്പോൾ പഴയ ഭ്രമം അതിന്റെ കുറെ ഭാഗങ്ങൾ നീക്കം ചെയ്ത് അതിന്മേൽ പുതിയ ഭ്രമത്തിന്റെ എടുപ്പുകളെ സ്വീകരിക്കുന്നു. പുളിഞ്ചിറയായി നാഥനില്ലാതെ കിടന്ന സ്ഥലം പുളിമൂടു കവലയായി പേരെടുത്ത കഥയും ദാമോദരനാശാനിലൂടെയാണു പറയുന്നത്. ജനാധിപത്യക്രമത്തിനു വേണ്ടി വാദിക്കുന്ന ജോസഫും രാജ്യഭരണത്തിന്റെ കൃത്യത വിവരിക്കുന്ന ആശാനും രണ്ടുതലമുറകളുടെയും രണ്ടു മൂല്യബോധത്തിന്റെയും പ്രതിനിധികളായിത്തീരുന്നു ഈ ആഖ്യാനത്തിൽ. ആഖ്യാതാവ് ആദ്യം വന്നതുമുതൽ അദ്ദേഹത്തിന്റെ വ്യത്യസ്ത പ്രായങ്ങളിലെ പുളിമരക്കാഴ്ചയുടെ വർണ്ണന ദേശപരമായ പരിവർത്തനങ്ങളുടെ മൂർത്തചിത്രങ്ങളായി ആഖ്യാനത്തിൽ ഇടം നേടുന്നു. പുളിഞ്ചിറയുടെ തെക്കുവശത്തെ കാറ്റാടിമരത്തോപ്പ് മുനിസിപ്പൽ ഉദ്യാനമായി മാറി. പരിഷ്കാരത്തിന്റെ പാതയിൽ ജൈവസമൃദ്ധികളും നൈസർഗ്ഗിക കാന്തിയും നഷ്ടമാകുന്നതു വ്യഥയോടെയാണു അവതരിപ്പിച്ചിരിക്കുന്നത്. നഗരോദ്യാനത്തിൽ ഓരോ ഭാഗവും ഓരോതരക്കാർ സ്വന്തമാക്കുന്നതും തികഞ്ഞ ഹാസ്യത്തിൽ മുക്കി അവതരിപ്പിക്കുന്നുണ്ട്. അലങ്കാര പൊയ്കയ്ക്കു സമീപമിട്ടിരിക്കുന്ന ബഞ്ചുകൾ വാർദ്ധ്യക്യത്തിന് അനുഭവാവകാശമായി കിട്ടിയതാണെന്നു തോന്നുമെന്നും അവരുടെ ചർച്ചകളിൽ രോഗം, മരുന്ന്, പഥ്യം ഇവ മുഖ്യവിഷയമാണെന്നും പറയുന്നു. ചെറുപ്പക്കാർകാകട്ടെ ഉദ്യാനത്തിലെ ചർച്ചാവിഷയം സിനിമാനടിയുടെ ഗർഭമലസിയതും മറ്റുമാണ്. മറ്റൊരു ഭാഗത്താകട്ടെ രാഷ്ട്രീയ ചർച്ച. മൈക്രോഫോണുപയോഗിച്ചുള്ള അനൗൺസ്മെന്റും നഗര ജീവിതത്തിന്റെ ഭാഗമായിത്തീരുന്നു. പരിഷ്കാരത്തിന്റെ ഭാഗമായി രൂപപ്പെടുന്ന കപടസദാചാരവും പരാമർശിക്കുന്നുണ്ട്. സന്മാർഗ്ഗത്തിന്റെ പൊൻകിരീടം മുൾക്കിരീടമായി സന്മാർഗികളുടെ തലയിൽ മുറുക്കി കൊണ്ടിരിക്കുന്നു. ഇതുവരെ സന്മാർഗത്തെ ആർക്കോ വേണ്ടി ചുമന്നതിൽ ഇപ്പോൾ മനഃക്ലേശം ഏറി ഞരമ്പുകൾ മുറുകി പൊട്ടിപ്പോയേക്കാമെന്ന ഭയം. നന്മയെന്നു വിചാരിച്ചും യോഗ്യനെന്ന ബിരുദത്തിനാഗ്രഹിച്ചും അപ്പപ്പോൾ അവഗണിച്ച ആനന്ദങ്ങളുടെ ആകെത്തുക കണ്ട് അവർ പശ്ചാത്തപിക്കുന്നു. ഇങ്ങനെ പരിഷ്കാരത്തെയും പുത്തൻ മൂല്യാവബോധത്തെയും സ്വീകരിക്കേണ്ടിവരുന്ന സംക്രമണ ഘട്ടത്തിലെ സ്വത്വസംഘർഷവും ആലേഖിതമാകുന്നു. ഇവരുടെ ശത്രുത പല

ചാലിലൂടെ ഒഴുകുന്നു. ഇലക്ഷനു മത്സരിക്കുകയും ഖാദറിനെതിരെ ദാമു കടലത്താത്തയെ ജയിപ്പിക്കുകയും ചെയ്യുന്നു. തിരുവിതാംകൂർമിത്രം ലേഖകന്റെ ഉപദേശം കൂടിയായപ്പോൾ ഖാദറിനും തോന്നുന്നു പുളിമരമാണ് അതിന്റെ തണലാണു ദാമുവിന്റെ ഉയർച്ചയുടെ കാരണം. ഒടുവിൽ കൂലി അയ്യപ്പനെക്കൊണ്ട് മരമുണങ്ങാൻ രസം കലർന്ന വിഷം മരത്തിന്മേൽ വയ്ക്കുന്നു. അയ്യപ്പൻ ആ രാത്രി കുത്തേറ്റു മരിക്കുന്നു. മരത്തിൽ വിഷം വച്ചു എന്നറിഞ്ഞതോടെ ഭക്തർ മരത്തിനു ചുറ്റും കൂടുന്നു. മരം ദൈവമാകുന്നു. ഏതായാലും മരത്തിനു വിഷബാധയേറ്റ് അതുണങ്ങി പട്ടുപോകുന്നു. ഇപ്രകാരം രണ്ടു വ്യക്തികളുടെ പക ഒരു പ്രദേശത്തെ ജൈവപ്രകൃതിയെയും മനുഷ്യപ്രകൃതിയെയും മലിനമാക്കുന്നു. നശിപ്പിക്കുന്നു. പുളിമരത്തിന്റെ പേരിൽ വർഗ്ഗീയ ലഹള വരെ ഉണ്ടാകുന്നു. ഒടുവിൽ മരം പോയ കവല പേരിലൂടെ മരത്തെ നില നിർത്തുന്നു. മരം നഷ്ടമായ കവല വിധവയെപ്പോലെ കാണപ്പെടുന്നു. ഇപ്രകാരം പുളിമരത്തിന്റെ കഥ നഷ്ടപ്പെട്ട മരത്തിന്റെയും നഷ്ടപ്പെട്ട തലമുറയുടെയും നഷ്ടപ്പെട്ട മൂല്യങ്ങളുടെയും നഷ്ടപ്പെട്ട ബന്ധങ്ങളുടെയും കഥയായി മാറുന്നു.

## കയർ

രണ്ടു നൂറ്റാണ്ടിന്റെ കാലപരിധിയുള്ളതും പല തലമുറകളെ ഉൾക്കൊള്ളുന്നതുമായ ‘കയറി’ൽ മധ്യകേരള സാമൂഹിക ജീവിതത്തിലെ ഒരു സുപ്രധാനഘട്ടത്തിന്റെ ചുരുളഴിക്കുകയാണു തകഴി. രാഷ്ട്രീയം, മതം, സമ്പത്ത് എന്നിങ്ങനെയുള്ള രംഗങ്ങളിൽ മാത്രമല്ല, ജനതയുടെ ആചാരവിശ്വാസങ്ങളിലും ജീവിതരീതിയിലും ഉണ്ടായ മാറ്റങ്ങൾവരെ തകഴിയുടെ അപഗ്രഥനത്തിനു വിധേയമാകുന്നു. കാലഘട്ടങ്ങളെ കോർത്തിണക്കുന്ന ഭാവനയുടെ ചരട് ‘കയറി’നെ തലമുറകളുടെ കഥയാക്കി മാറ്റുന്നു. ഈ കൃതി അടിസ്ഥാനപരമായി മനുഷ്യന്റെ മണ്ണിനോടുള്ള ദാഹത്തിന്റെ കഥയാണ്. ഭൂമിയോടുള്ള ആർത്തിയും മമതയും ഇതിൽ നിറഞ്ഞുനിൽക്കുന്നു. മാത്രമല്ല; ഭൗതികമായ സുഖസൗകര്യങ്ങളോടുള്ള ആസക്തി ഇതിൽ വ്യക്തമാക്കുന്നു. അതു ഭൂമി അളന്നു തിട്ടപ്പെടുത്താനുള്ള ശ്രമം മുതൽ തീവ്രവാദികളുടെ പ്രവർത്തനം വരെയുള്ള ചരിത്രത്തിന്റെ പശ്ചാത്തലത്തിലാണ് അദ്ദേഹം വിവരിക്കുന്നത്. കുടുംബങ്ങളുടെ വികാസപരിണാമങ്ങളിലൂടെ അതിന്റെ ചുരുൾ അഴിയുന്നു.

തലമുറകളുടെ ചരിത്രം ഇഴപിരിയുന്നതിനാൽ ‘കയർ’ എന്ന പേർ അന്വർത്ഥമാണെങ്കിലും കഥകളും, ഉപകഥകളും അരങ്ങേറുന്ന കുട്ടനാടാണ് ‘കയറി’ലൂടെ വായനക്കാരുടെ മനസ്സിൽ തെളിഞ്ഞുവരുന്നത്. കുട്ടനാട്ടിലെ കുടുംബങ്ങളെ കേന്ദ്രീകരിച്ചു സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക - സാമ്പത്തിക രംഗങ്ങളിൽ വന്നുഭവിച്ച മാറ്റങ്ങളും അതുളവാക്കിയ ചലനങ്ങളും ‘കയറി’ൽ അനാവൃതമാകുന്നു. ഈ നോവലിനെ ഏകാഗ്രമാക്കുന്ന ഘടകം തലമുറകളുടെ ആത്മബന്ധമാണ്. കഥയുടെ

തുടക്കവും ഒടുക്കവും തമ്മിൽ ബന്ധമില്ലെന്നു തോന്നാമെങ്കിലും അവയെ സമന്വയിപ്പിക്കുന്ന ആത്മബന്ധത്തിന്റെ ഇഴകൾ ഇതിൽ സുലഭമാണ്. ക്ലാസിപ്പേർ മുതൽ വട്ടത്രഗ്രഗറിവരെയുള്ള കഥാപാത്രങ്ങളുടെ ദൃഢമായ ആത്മബന്ധം നമുക്കനുഭവപ്പെടുന്നു.

'കയർ' ദേശകഥാ പ്രധാനമായ നോവലാണ്. 'കയറി'ലെ കഥാകഥന സമ്പ്രദായം കേരളീയമാണ്. ചരിത്രസംഭവങ്ങളോടുമാത്രമല്ല കഥാപാത്രസൃഷ്ടിയിൽത്തന്നെയും തകഴി തന്റെ ദേശബദ്ധത പ്രകടിപ്പിക്കുന്നുണ്ട്. ദേശത്തിന്റെ ഭാഷയിലാണു രചന. ദേശത്തുള്ള സാമൂഹിക വൈവിദ്യങ്ങൾ, ഭാഷയിൽ വരുത്തുന്ന ഭേദങ്ങൾ എന്നിവ ഉചിതസന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്ത കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിന് അദ്ദേഹം മിഴിവു നൽകുന്നു. മനുഷ്യസ്നേഹമാണ് വലുതെന്ന തത്ത്വം തലമുറകളുടെ കഥ പറച്ചിലിലൂടെ അദ്ദേഹം വ്യക്തമാക്കുന്നു. കാലത്തിന്റെ പാളത്തിലൂടെ സഞ്ചരിച്ച് ദേശത്തിൽ വരുന്ന മാറ്റങ്ങളാണ് കയറിലെ മുഖ്യപ്രമേയങ്ങൾ. ഭൂമിയുടെ ഉടമസ്ഥതയിൽ വന്ന മാറ്റവും മനുഷ്യ ബന്ധങ്ങളുടെ മാറ്റവും ആണ് ഇവയിൽ മുഖ്യങ്ങളായവ.